# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1969-2018 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | JANUARY 2023 | No. 3


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

മത്തായി 5:11–18

11. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.
12. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ.
13. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെപോയാൽ അതിന്നു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല.
14. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല.
15. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രേ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു.
16. അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.
17. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നതു.
18. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.

# അനുഗ്രഹിക്കപ്പെട്ട പുതുവർഷം...

**എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:31,32).**

**2023**

*ഡോ.എ. റിച്ചാർഡ് സാമുവേൽ*

ഒരു പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോൾ നാം പുതുവത്സര തീരുമാനങ്ങളെക്കുറിച്ചാണ് ചിന്തിക്കുന്നത്. പക്ഷെ, സങ്കടകരമെന്നു പറയട്ടെ, കഴിഞ്ഞ വർഷം നാം എടുത്ത തീരുമാനങ്ങൾ ഏതെല്ലാം എന്നും അതെല്ലാം സാക്ഷാത്കരിച്ചുവോ എന്നും ഓർക്കുന്നില്ല. ആരോ തമാശയായി പറഞ്ഞതുപോലെ "പുതുവത്സര തീരുമാനങ്ങൾ തകർക്കുവാനുള്ളതാണ്."

പുതുവർഷ തീരുമാനങ്ങൾ നിലനിറുത്തുന്നത് കൂട്ടായ പ്രവർത്തനത്തിലൂടെയാണ്. യേശുവിനാൽ പരിശീലനം നേടിയ ശിഷ്യന്മാർ പോലും യേശുവിന്റെ ക്രൂശീകരണത്തിനുശേഷം പിന്മാറിപ്പോയി. പുനരുത്ഥാനത്തിനുശേഷം തന്റെ ശിഷ്യന്മാരോട് ഗലീല മലയിൽ ഒരുമിച്ചു കൂടുവാൻ യേശു പറഞ്ഞു (മത്തായി 28:16). അവർ അനുസരിച്ചു എങ്കിലും ചെറിയ കാലതാമസം ഉണ്ടായപ്പോൾ അവരുടെ പഴയ ജോലിയായ മീൻ പിടിത്തത്തിലേക്ക് പിന്മാറിപ്പോയി (യോഹന്നാൻ 21: 1–4). പെന്തെക്കോസ്തു നാളിൽ മാളിക മുറിയിലിരുന്ന ശിഷ്യന്മാരെ പരിശുദ്ധാത്മാവായ ദൈവം സന്ദർശിച്ചതായി പ്രവൃത്തികൾ 2–ാം

3–ാം പേജിൽ തുടരും...

## Echo of His Call - *YouTube Channel !*
## *Prayer with Pr. Sam Selva Raj!!*



ഞായർ രാവിലെ 8.30 നും മറ്റു ദിവസങ്ങളിൽ രാവിലെ 5.00 മണിക്ക് എക്കൊ ഓഫ് ഹിസ് കാൾ എന്ന യുട്യൂബ് ചാനലിൽ സുവിശേഷ സന്ദേശങ്ങൾ അപ്‌ലോഡ് ചെയ്യുന്നുണ്ട്. ഇംഗ്ലീഷിലും ഹിന്ദിയിലും ഉടനെ ആരംഭിക്കുന്നതാണ്. ദയവായി പ്രാർത്ഥിക്കുകയും അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്‌വിൻ. വിളിയുടെ പ്രതിധ്വനിയുടെ പ്രാർത്ഥനാ പങ്കാളികൾ എന്ന നിലയിൽ പാസ്റ്റർ സാം സെൽവരാജുമൊത്ത് എല്ലാ ദിവസവും രാവിലെ വ്യക്തിപരമായി പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിക്കുന്നതാണ്.

*– മേരി, ക്രിസ്റ്റി ചിന്നയ്യ, ഡയറക്ടർമാർ*

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS

## *from your dearly beloved brother...*





## ...നിന്റെ പ്രത്യാശയ്ക്കു ഭംഗം വരികയുമില്ല

*(സദൃശ്യവാക്യങ്ങൾ 23:18)*

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**CORE LEADERS**
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call


കർത്താവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സന്തോഷപ്രദമായ പുതുവർഷം 2023 ഞങ്ങൾ ആശംസിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഞങ്ങളെ നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കർത്താവായ ദൈവത്തിനു സകല മഹത്വവും ബഹുമാനവും കരേറ്റുന്നു.

നിങ്ങൾ എങ്ങനെയായിരിക്കുന്നു? ഹൃദയഭാരത്തോടെ ഞങ്ങൾ നിങ്ങൾക്കും നിങ്ങളുടെ ആവശ്യങ്ങൾക്കുംവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു. ഞങ്ങളോടു വ്യക്തിപരമായി സമ്പർക്കം പുലർത്തുന്നവർക്കായും, ഓരോ പ്രാർത്ഥനാപങ്കാളികൾ, വിശ്വാസപങ്കാളികൾ, വരിക്കാരായപങ്കാളികൾ, ജീവിതപങ്കാളികൾ, പരമനിയോഗ ദൗത്യപങ്കാളികൾ എന്നിവർക്കായും പ്രത്യേകം ഫയലുകളും രജിസ്റ്ററുകളും ഞങ്ങൾ സൂക്ഷിക്കുന്നുണ്ട്. നിങ്ങൾക്കും നിങ്ങളുടെ സാഹചര്യങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമായി ഞങ്ങൾ കരുതുന്നു. എന്റെ മുറിയിൽ പ്രാർത്ഥനക്കായി പെൻസിൽ പ്രാർത്ഥനാ പായ എന്ന ഒരു സ്ഥലം കരുതിയിട്ടുണ്ട്. ഈ പെൻസിൽ പ്രാർത്ഥനാ പായ ഓരോ ദിവസത്തിന്റെയും 24 മണിക്കൂറും പ്രാർത്ഥനക്കായി സജ്ജമാണ്. കർത്താവായ ദൈവം ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിച്ച് നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യും. ഒന്നിനെയും ഭയപ്പെടരുത്. ദൈവം കൂടെയുണ്ട്. ദൈവമക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും പ്രയാസങ്ങളെയുംകുറിച്ച് നമുക്ക് നന്നായി അറിയാം. അതിനാൽ ധൈര്യത്തോടെയിരിപ്പിൻ. ഈ പുതുവർഷത്തിൽ കർത്താവ് വലിയവ ചെയ്യും. **ദേശമേ, ഭയപ്പെടേണ്ടാ, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു** (യോവേൽ 2:21).

സ്വതന്ത്ര സഭകളെയും ശുശ്രൂഷകളെയും സംബന്ധിച്ച് ചില വിവരങ്ങൾ ഞങ്ങൾക്കു ലഭിച്ചിട്ടുണ്ട്. ഭാവിയിൽ ഇങ്ങനെയുള്ള ശുശ്രൂഷകൾക്ക് ഇന്ത്യയിൽ വിഷമകരമായ സാഹചര്യങ്ങൾ ഉണ്ടാകും എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. അതിനാൽ അത്തരം ദൈവദാസന്മാർ ജാഗ്രത പാലിക്കുകയും ആവശ്യമായത് ചെയ്യുകയും വേണം.

ഏതെങ്കിലും സംഘടനകൾക്കു കീഴിലല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നവർ ഏതെങ്കിലും സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ ശ്രമിപ്പിൻ. നിങ്ങൾ ഏതെങ്കിലും സംഘടനകളിൽനിന്നും നേതൃത്വത്തിലായിരിക്കുന്നവരുമായി അഭിപ്രായവ്യത്യാസമുണ്ടായി മാറി സ്വതന്ത്രമായി പ്രവർത്തിക്കുകയാണെങ്കിൽ അഭിപ്രായവ്യത്യാസങ്ങളും തെറ്റിദ്ധാരണകളും മറന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കുവിൻ. നേതൃത്വത്തോട് പൂർണ്ണമായി സമർപ്പിക്കുകയും സംഘടനയിൽ നിങ്ങൾക്ക് ഉണ്ടായിരുന്ന സ്ഥാനം ഏറ്റെടുക്കുകയും ചെയ്വിൻ. കൂടാതെ മതം നോക്കാതെ അയൽക്കാരുമായി നല്ല സൗഹൃദം പുലർത്തുവിൻ. ഈ ക്രിസ്തുമസ് നാളുകളിൽ കേക്കോ മറ്റു മധുരങ്ങളോ പഴങ്ങളോ നൽകി അവരുമായി നല്ല ബന്ധം ഉണ്ടാക്കുവിൻ. ദയവായി ഈ ഉപദേശം സ്വീകരിക്കുവിൻ, ഈ വിഷയത്തിൽ അശ്രദ്ധ കാണിക്കരുത്.

ഭാവിയിൽ നിങ്ങളുടെ ശുശ്രൂഷകൾക്ക് ദൈവീകമായ കരുതലും മനുഷ്യരുടെ പ്രീതിയും ആവശ്യമാണ്. **ചെന്നായ്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു; ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ** (മത്തായി 10:16). നിങ്ങളെ സേവിക്കാനും സഹായിക്കാനും മനസ്സുള്ള പ്രഗത്ഭരായ വക്കീലന്മാരും അക്കൗണ്ടന്മാരും വേദശാസ്ത്ര പണ്ഡിതന്മാരും ഞങ്ങളുടെ പക്കൽ ഉണ്ട്.

ദൈവം നിങ്ങളെ വിളിച്ചതിനാൽ, വിശ്വാസത്തോടെ പ്രവർത്തിക്കുന്ന ദൈവശാസ്ത്ര ബിരുദമില്ലാത്ത മുഴുസമയ പ്രവർത്തകനാണെങ്കിൽ ഏതെങ്കിലും ബൈബിൾ കോളേജിൽ


Our Ministries: ECHO OF HIS CALL Monthly Magazines (16 languages) · BIBLECOR - Postal Courses (3 languages) · Online Courses · Theological Correspondence Courses (2 languages) · Church Planting · Nehemiah Bible Colleges · Gospel Printing Press · Great Commission Partners · St. Paul's Matriculation School · Crusades · Community Development

സാധാരണ വിദ്യാർത്ഥിയായിട്ടോ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലോ രജിസ്റ്റർ ചെയ്യണം. ഓൺലൈൻ സംവിധാനത്തിലൂടെയെങ്കിലും ദൈവശാസ്ത്രം പഠിച്ച് സർട്ടിഫിക്കേറ്റ് കരസ്ഥമാക്കി സൂക്ഷിപ്പിൻ. നിങ്ങൾക്ക് തിയോളജിക്കലോ മിനിസ്റ്റീരിയലോ ആയ പട്ടത്വ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ അത് ലഭിക്കുവാൻ ഉടനെ തന്നെ ശ്രമിപ്പിൻ. മിനിസ്റ്റീരിയൽ പട്ടത്വ സർട്ടിഫിക്കറ്റ് നല്ലതാണ്. ഇതിന് സാമ്പത്തിക കൂടാതെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. **ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു** (സങ്കീർത്തനങ്ങൾ 133:1).

ഈ വിഷയത്തിൽ നിങ്ങൾക്ക് എന്തെങ്കിലും സഹായം ആവശ്യമെങ്കിൽ ഞങ്ങൾക്ക് എഴുതുകയോ മെയിൽ അയക്കുകയോ ചെയ്വിൻ. ഞങ്ങളാൽ കഴിയുന്ന രീതിയിൽ നിങ്ങളെ സഹായിക്കാം. നമുക്ക് ഒത്തൊരുമിച്ച് വിജയിക്കാം.

ദൈവം അനുവദിക്കുകയാണെങ്കിൽ ഈ പുതുവർഷത്തിൽ വിവിധ സ്ഥലങ്ങളിൽ യാത്ര ചെയ്ത് സുവിശേഷീകരണം, സ്നാനം, വൈദീക പട്ടം നൽകൽ എന്നിവയിലൂടെ ദൈവദാസന്മാരെ ശക്തീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ആരോഗ്യം, അനുകൂല കുടുംബ സാഹചര്യങ്ങൾ, ആവശ്യമായ ധനം എന്നിവക്കായി ഇപ്പോൾ മുതൽ ദൈവത്തോട് പ്രാർത്ഥിക്കുവിൻ.

എല്ലാ ദിവസവും രാവിലെ 5.00 മണിക്കും ഞായർ രാവിലെ 8.30 നും യുട്യൂബ് ചാനലിലൂടെ എക്കൊ ഓഫ് ഹിസ് കാൾ എന്ന പേരിൽ ഞങ്ങളുടെ സന്ദേശങ്ങൾ പ്രക്ഷേപണം



***മാദ്ധ്യമങ്ങളിലൂടെയുള്ള ശുശ്രൂഷ***

ചെയ്യുന്നു. നിങ്ങൾക്ക് അത് കാണുവാനും സന്ദേശങ്ങൾ ലഭ്യമാകുവാൻ വരിക്കാരാ കുകയും ചെയ്യാവുന്നതാണ്.

ഞങ്ങളുടെ ശുശ്രൂഷയ്ക്ക് സ്ഥിരമായ സാമ്പത്തിക വരുമാനമില്ല. യേശുക്രിസ്തുവാണ് ഞങ്ങളുടെ ദാതാവ്. കർത്താവ് പ്രേരിപ്പിക്കുകയാണെങ്കിൽ നിങ്ങൾക്കും സഹായിക്കാവുന്നതാണ്.

കഴിഞ്ഞ 54 വർഷമായി ഞങ്ങളുടെ കരങ്ങൾ പിടിച്ച് നയിച്ച കർത്താവ് നിങ്ങളെയും സമൃദ്ധിയായി അനുഗ്രഹിക്കും. ആമേൻ!

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

*... 1-ാം പേജിന്റെ തുടർച്ച*

അദ്ധ്യായത്തിൽ വായിക്കുന്നു. ശിഷ്യന്മാർ ശാക്തീകരിക്കപ്പെടുകയും അവർക്ക് അഭൂതപൂർവ്വമായ മാറ്റം ഉണ്ടാകുകയും ചെയ്തു. അവർ ശക്തമായി സുവിശേഷം അറിയിക്കുകയും ചെയ്തു. പുതുവത്സര തീരുമാനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ, ദൈവത്തിന്റെ സഹായമില്ലാതെ ഇത് പാലിക്കാൻ സാദ്ധ്യമല്ല. യോഹന്നാൻ 11:5 ൽ ഇങ്ങനെ പറയുന്നു: **ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല,** ദൈവത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്ന ചിന്തയിലൂടെ 2023-ാം വർഷത്തിലേക്ക് പ്രവേശിക്കാം. ദൈവത്തിന് എല്ലാം സാദ്ധ്യമാണ്.

റെയിൽവെ സ്റ്റേഷനിലും ബസ് സ്റ്റാന്റിലുമെല്ലാം "ചെറിയ ഭാരം, അധിക സുഖം, യാത്രകൾ ആനന്ദകരം" എന്ന ബോർഡ് നാം കണ്ടിട്ടുണ്ട്. നമ്മുടെ ലൗകീക യാത്രയിൽ മാത്രമല്ല നമ്മുടെ ജീവിതയാത്രയിലും ഈ പ്രസ്താവന അർത്ഥവത്താണ്. അധിക ഭാരം കൊണ്ടു യാത്ര ചെയ്യുന്നത് നമ്മുടെ ജീവിതത്തെ മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തെയും ദുരിതപൂർണ്ണമാക്കുന്നു. വർഷങ്ങളായി ചിലർ തെറ്റുകൾ, ദോഷം, വേദന, തെറ്റായ തെരഞ്ഞെടുപ്പ്, കോപം, കയ്പ്, നിരാശ, പരാജയം എന്നിവയുടെ വലിയ പെട്ടിയും ചുമന്നുകൊണ്ട് നടക്കുകയാണ്. ഇവ നമ്മുടെ നിലവിലുള്ള ബന്ധങ്ങളിലും ഉണ്ടാകാനിരിക്കുന്ന ബന്ധങ്ങളിലേക്കും വ്യാപിക്കുകയും നാശം വിതയ്ക്കുകയും ചെയ്യും. യേശുവിലൂടെ നമ്മുടെ മുൻകാല തെറ്റുകൾക്കു ഒരു ശിക്ഷയും ഇല്ല. കാരണം, നാം നിത്യകൃപയാൽ മൂടപ്പെട്ടിരിക്കുന്നു. നാം ചുമക്കുന്ന വിലയില്ലാത്ത ഈ ഭാരങ്ങളെല്ലാം അഴിച്ചുമാറ്റി സ്വതന്ത്രമായി ജീവിക്കാൻ പഠിക്കേണ്ട സമയമാണിത്. അനാവശ്യമായ ഈ ഭാരങ്ങൾ നമ്മുടെ ജീവിതയാത്രയെ ബുദ്ധിമുട്ടുള്ളതും ഭാരമുള്ളതുമാക്കുന്നു.

നമ്മുടെ കർത്താവായ ദൈവത്തിന് നാം ഒരോരുത്തരെയും കുറിച്ച് വ്യക്തമായ പദ്ധതിയുണ്ട്. എനിക്ക് നിങ്ങളെപ്പറ്റി നല്ല പദ്ധതികളുണ്ട്. നിങ്ങളെ മുറിപ്പെടുത്താനുള്ളതല്ല എന്റെ പദ്ധതി. നിങ്ങൾക്കു പ്രതീക്ഷയും നല്ല ഭാവിയുമാണ് ഞാൻ പദ്ധതിയിടുന്നത് (യിരെമ്യാവ് 29:11). ദൈവഹിതവും നമുക്കു വേണ്ടിയുള്ള അവന്റെ പദ്ധതികളും മനസ്സിലാക്കിക്കൊണ്ട് നമ്മുടെ ആത്മീയ യാത്ര ആരംഭിക്കാം. ഇത് നമ്മുടെ യാത്രയ്ക്ക് ദിശാബോധം നൽകുകയും ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

അപ്പൊസ്തലനായ പൗലൊസ് എഫസോസിലെ സഭയ്ക്ക് എഴുതിയ കത്തിൽ നമ്മുടെ യാത്രകളെ തടസ്സപ്പെടുത്തുന്ന അനാവശ്യ ഭാരങ്ങളെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. **എല്ലാ കൈപ്പും, കോപവും, ക്രോധവും, കൂറ്റാരവും, ദൂഷണവും, സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ** (എഫെസ്യർ 4:31,32). കൂടാതെ, നമ്മുടെ യാത്രയ്ക്ക് ആവശ്യമായ സാധനങ്ങൾ മാത്രമേ കൊണ്ടുപോകാവൂ എന്നും അങ്ങനെയായാൽ നമ്മുടെ യാത്രകൾ നമുക്കും സഹയാത്രികർക്കും സന്തോഷകരവും സുഖകരവുമാകുമെന്നും പൗലൊസ് നിർദ്ദേശിക്കുന്നു.

നാം കൊണ്ടുനടക്കുന്ന ആറു അനാവശ്യ ഭാരങ്ങളുടെ പട്ടികയെക്കുറിച്ച് പൗലൊസ് പ്രതിപാദിക്കുന്നു.

1. കൈപ്പ്
2. കോപം

3. ക്രോധം
4. വഴക്ക്
5. ദൂഷണം
6. ദുർഗുണം

നാം കൊണ്ടുപോകേണ്ട സഹായകരവും ഉപയോഗപ്രദവുമായ സാധനങ്ങൾ ഇവയാണ്.

1. ദയ
2. മനസ്സലിവ്
3. ക്ഷമ

## 1. കൈപ്പ്

മുക്തി നേടാൻ പ്രയാസകരമായ വികാരമാണ് കൈപ്പ്. നമ്മെ വേദനിപ്പിച്ചവരുമായി രമ്യതയിലാകുവാൻ നമ്മുടെ ആത്മാവ് അനുവദിക്കുകയില്ല. നമുക്കു ലഭിച്ച അപമാനങ്ങളെയും പരിക്കുകളെയും കുറിച്ച് ചിന്തിച്ച്, ഈ വികാരത്തെ നാം ഉദാരമായി പോഷിപ്പിച്ച് അതിനെ എപ്പോഴും ഊഷ്മളമായി നിലനിർത്തുകയും ചെയ്യുന്നു. നമ്മുടെ സന്തോഷത്തെയും പടരുകയും കൊല്ലുകയും ചെയ്യുന്ന കാൻസർ ആണ് കൈപ്പ്. ഈ അധികഭാരം നമ്മുടെ യാത്രയെ വളരെയധികം ബുദ്ധിമുട്ടുള്ളതാക്കുന്നു.

## 2. കോപം

ഇത് വൈയ്ക്കോൽ പോലെ കത്തിപ്പടരുന്നതാണെന്നും വളരെ വേഗത്തിൽ ഇതിന്റെ തീജ്വാല ഉയരുമെന്നും ബാർക്കിലി തന്റെ വ്യാഖ്യാനത്തിൽ പറയുന്നു. "കോപത്തിൽ" എന്ന പ്രയോഗം നാം കാണാറുണ്ട്. ഈ മോശമായ കഠിന കോപം പ്രകടിപ്പിക്കുന്നത് വലിയ ശബ്ദത്തോടെയായിരിക്കും. അത് തന്നോട് അന്യായം ചെയ്തു എന്നു തോന്നുമ്പോഴുണ്ടാകുന്ന പൊട്ടിത്തെറിയാണ്.

ക്രൈസ്തവ വിശ്വാസികളും ഈ കോപത്തിന് അതീതരല്ല. ഒരിക്കൽ ജോൺ ഞായറാഴ്ച രാവിലെ കാറിൽ പള്ളിയിലേക്ക് പോകുകയായിരുന്നു. റോഡിൽ വാഹന തിരക്ക് കൂടുതലായിരുന്നു. അപ്പോൾ അയാളുടെ കാറിനെ കടന്നുപോകുവാൻ പിന്നിലത്തെ കാർ നിരന്തരം ഹോൺ മുഴക്കിക്കൊണ്ടിരുന്നു. ഓവർ ടേക്ക് ചെയ്യാൻ സ്ഥലമില്ലാത്തതിനാൽ ജോണിന് ഒതുക്കി കൊടുക്കുവാൻ സാദ്ധ്യമില്ലായിരുന്നു. എങ്ങനെയോ അയാൾ ഓവർടേക്ക് ചെയ്തിട്ട് ജോണിനെ മോശമായ പദങ്ങൾ കൊണ്ട് അധിക്ഷേപിച്ചു. ജോണിന് ദേഷ്യം വന്നു എങ്കിലും നിയന്ത്രിച്ചു. പള്ളിയിൽ പ്രവേശിച്ചപ്പോൾ അതേ കാർ അവിടെ പാർക്കു ചെയ്തിരിക്കുന്നതു കണ്ടു. ആ കാർ ഓടിച്ചിരുന്നത് ആ പള്ളിയിൽ ചുമതലയേൽക്കാൻ വന്ന പുതിയ വികാരിയാണെന്നറിഞ്ഞപ്പോൾ ജോൺ ഞെട്ടിപ്പോയി. ആരാധനയ്ക്കുശേഷം ജോണിനെ കണ്ട ആ വികാരിയുടെ അവസ്ഥ ഒന്നു ചിന്തിച്ചു നോക്കുവിൻ! തങ്ങളുടെ ക്രിസ്തീയ സാക്ഷ്യങ്ങൾ മുറുകെ പിടിക്കുവാൻ റോഡിൽ ഉണ്ടാകുന്ന ഇത്തരം ദേഷ്യസ്വഭാവങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

## 3. ക്രോധം

ക്രോധത്തെ രണ്ടായി തരം തിരിക്കാം. 1. നീതിയുള്ള ക്രോധം, 2. അനീതിയായ ക്രോധം. തന്റെ ആലയം "**കള്ളന്മാരുടെ ഗുഹ**"യാക്കിത്തീർത്തതു കണ്ടപ്പോൾ യേശു തന്റെ ക്രോധം പ്രകടിപ്പിക്കുന്നു (മത്തായി 21:13). അവൻ ഒരു ചാട്ടവാറെടുത്ത് എല്ലാ വ്യാപാരികളെയും പുറത്താക്കുന്നു. നമ്മുടെ വികാരങ്ങൾ പാപത്താൽ മലിനമായതിനാൽ നീതിയോടെ ക്രോധം പ്രകടിപ്പിക്കുവാൻ നമുക്കു കഴിയുകയില്ല. വേദപുസ്തകം പറയുന്ന തനുസരിച്ച് നാം പാപത്തിനെതിരെയാണ് നമ്മുടെ ക്രോധം പ്രകടിപ്പിക്കേണ്ടത്. **യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ** (സങ്കീർത്തനങ്ങൾ 97:10). **നടുങ്ങുവിൻ പാപം ചെയ്യാതിരിപ്പിൻ** (സങ്കീർത്തനങ്ങൾ 4:4). ഇതേ ആശയം തന്നെ എഫെസ്യർ 4:26 ൽ പൗലൊസ് പ്രകടിപ്പിക്കുന്നു. അതിനോടൊപ്പം പൗലൊസ് ഒരു ഉപദേശം കൂടെ നൽകുന്നു: **കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുതു. പിശാചിന്നു ഇടം കൊടുക്കരുതു** (എഫെസ്യർ 4:26,27).

**എന്നാൽ ഏതു മനുഷ്യനും... കോപത്തിനു താമസമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല** (യാക്കോബ് 1:19,20). ഈ അനാവശ്യ ഭാരത്തിൽനിന്നു വിടുതൽ പ്രാപിക്കുവാൻ പൗലൊസ് മൂന്നു നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു. ആദ്യത്തേത്, പാപം ചെയ്യരുത്. നീതിയോടെ ക്രോധം പ്രകടിപ്പിക്കുകയും പാപം ചെയ്യാതിരിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് ചിന്തിക്കുന്നുണ്ടാകും. "എഫെസ്യർ നൽകുന്ന സന്ദേശം" എന്ന സീരീസിൽ ജോൺ സ്റ്റോട്ട് ഇതിനു ഉത്തരം നൽകുന്നു. നമ്മുടെ ക്രോധത്തിൽ അഹംഭാവം, അസൂയ, പക, വിദ്വേഷം, പ്രതികര മനോഭാവം എന്നിവ ഇല്ല എന്ന് നാം ഉറപ്പാക്കണം. രണ്ടാമതായി സൂര്യാസ്തമനത്തിനുമുമ്പ് നമ്മുടെ ക്രോധത്തിനു തീർപ്പുണ്ടാകണം. നിങ്ങളുടെ ക്രോധത്തെ ദിവസങ്ങളോളം വച്ചുകൊണ്ടിരിക്കരുതെന്ന് ഇതിനർത്ഥം. മൂന്നാമതായി, പിശാചിന് നിങ്ങളുടെ ജീവിതത്തിൽ ഇടം കൊടുക്കരുത്. നിങ്ങളുടെ ക്രോധം വിദ്വേഷമായി മാറരുത്. ക്രോധത്തിൽനിന്നും വിടുതൽ പ്രാപിക്കുവാൻ ശലോമോൻ രാജാവ് നിർദ്ദേശം വയ്ക്കുന്നു. **മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിന വാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു** (സദൃശ്യവാക്യങ്ങൾ 15:1).

## 4. വഴക്ക്

വഴക്ക് എന്നത് അടിപിടിയോ വലിയ ശ

06-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ
## റസിഡൻഷ്യൽ/ സായാഹ്ന കോളേജ്
വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : ഹിന്ദി/തമിഴ്

*അപേക്ഷകനുള്ള മെമ്പർഷിപ്പ്*
**ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)**
കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

***വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം***
***വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം***
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**
**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ജനുവരി 19*** : നമ്മുടെ മുഖ്യസഭയിലും ശാഖാസഭകളിലും ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങൾ ഗംഭീരമായി നടത്താൻ ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

***ജനുവരി 20*** : ഞങ്ങളുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി.

***ജനുവരി 21*** : മുഖ്യ സഭയിലെ പുരുഷന്മാരുടെ യോഗത്തെ ദൈവം അനുഗ്രഹിച്ചതിനായി.

***ജനുവരി 22*** : ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിച്ച 16 ഭാഷകളിലെ പ്രസിദ്ധീകരണങ്ങൾ മിഷൻ ഫീൽഡുകളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

***ജനുവരി 23*** : കഴിഞ്ഞ മാസത്തെ സാമ്പത്തികവും ആത്മീയവുമായ ആവശ്യങ്ങൾ നിറവേറ്റിത്തന്നതിനായി.

***ജനുവരി 24*** : പാസ്റ്റർ. സാം സെൽവരാജിനെയും കുടുംബാംഗങ്ങളെയും സമൃദ്ധമായി അനുഗ്രഹിച്ചതിനായി.

***ജനുവരി 25*** : വേദശാസ്ത്ര സെമിനാറുകൾ നിരന്തരം നടത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്നതിനായി.

***ജനുവരി 26*** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***ജനുവരി 27*** : ഞങ്ങളുടെ റസിഡൻഷ്യൽ നെഹെമ്യ ബൈബിൾ കോളേജിലെ വിദ്യാർത്ഥികൾക്ക് സംഗീത പഠന ക്ലാസ്സ് നടത്തുവാൻ സഹായിച്ചതിനായി.

***ജനുവരി 28*** : പുതിയ വിശ്വാസികളെ തന്ന് ഞങ്ങളുടെ സഭയെ അനുഗ്രഹിച്ചതിനായി.

***ജനുവരി 29*** : പുതിയ ജീവനക്കാരെ തന്ന് ഞങ്ങളുടെ സംഘടനയെ അനുഗ്രഹിച്ചതിനായി.

***ജനുവരി 30*** : ഞങ്ങളുടെ വില്ലേജ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് സംഗീത ക്ലാസ്സ് (കീബോർഡ്, ഗിത്താർ) നടത്തുവാൻ സഹായിച്ചതിനായി.

***ജനുവരി 31*** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കായും അവരുടെ ആത്മാർത്ഥമായ സഹകരണത്തിനുമായി.

***ഫെബ്രുവരി 01*** : ഞങ്ങളുടെ റെസിഡൻഷ്യൽ നെഹെമ്യ ബൈബിൾ കോളേജ് വിദ്യാർത്ഥികൾക്ക് സായാഹ്നങ്ങളിൽ കളിക്കാൻ കാരംസ് ബോർഡുകളും ചെസ്സ് ബോർഡുകളും വാങ്ങിക്കുവാൻ പ്രാപ്തരാക്കിയതിനായി.

***ഫെബ്രുവരി 02***: ഞങ്ങളുടെ മുഖ്യ സഭ, ശാഖാ സഭകൾ, അതിലെ വിശ്വാസികൾ എന്നിവർക്കായി.

***ഫെബ്രുവരി 03***: ഞങ്ങളുടെ ആശുപത്രി ശുശ്രൂഷയിലെ ദൈവീക അനുഗ്രഹങ്ങൾക്കായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ഫെബ്രുവരി 04***: എല്ലാ ക്രിസ്തീയ സംഘടനകളുടെയും സഭകളുടെയും അനുഗ്രഹത്തിനും സംരക്ഷണയ്ക്കുമായി.

***ഫെബ്രുവരി 05***: ലോകം മുഴുവൻ സമാധാനം കളിയാടുവാൻ.

***ഫെബ്രുവരി 06***: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ദൈവീക ഇടപെടലിനായി.

***ഫെബ്രുവരി 07***: വിളിയുടെ പ്രതിധ്വനിയുടെ ഈ മാസത്തെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാൻ.

***ഫെബ്രുവരി 08***: വിളിയുടെ പ്രതിധ്വനിയുടെ എല്ലാ ജീവനക്കാരും നല്ല ആരോഗ്യത്തോടെ ആയിരിക്കുവാൻ.

***ഫെബ്രുവരി 09***: നമ്മുടെ രാജ്യത്തിന്റെ എല്ലാ മേഖലകളിലും ഐക്യവും പുരോഗതിയും കൈവരിക്കുവാൻ.

***ഫെബ്രുവരി 10*** : ഞങ്ങളുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

***ഫെബ്രുവരി 11*** : നമ്മുടെ സീനിയർ പാസ്റ്ററുടെ ആത്മകഥ എഴുതുവാൻ സഹായിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ മഹാമനസ്കതക്കായി.

***ഫെബ്രുവരി 12*** : ഈ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

***ഫെബ്രുവരി 13*** : ഭൂമിയിൽ ദൈവത്തിന്റെ രാജ്യം കെട്ടിപ്പടുക്കുന്നതിനുള്ള കേന്ദ്രീകൃത ദർശനങ്ങനങ്ങൾ ഞങ്ങൾക്കു നൽകിക്കൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 14*** : ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കാൻ സഹായിച്ചതിനായി.

***ഫെബ്രുവരി 15*** : ഞങ്ങളുടെ സ്ഥാപനത്തിന്റെയും, ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും അനുഗ്രഹങ്ങൾക്കായി.

***ഫെബ്രുവരി 16*** : വിളിയുടെ പ്രതിധ്വനിയുടെ യുവാക്കൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾക്കായി.

***ഫെബ്രുവരി 17*** : സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെയും കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിനായി.

***ഫെബ്രുവരി 18*** : എല്ലാ മദ്യപാനികളും ദുഷ്പ്രവൃത്തിക്കാരും അനുതാപത്തിലേക്ക് കടന്നുവരുവാൻ.

... 4-ാം പേജിന്റെ തുടർച്ച

ബ്ദത്തോടെ, നിയന്ത്രണരഹിതമായ വഴക്കാണ്. പള്ളിക്കകത് ഇടയന്മാരുടെ കമ്മിറ്റിയിൽ കഠിനമായ വഴക്ക് ഉണ്ടാകുന്നത് നാം കണ്ടിട്ടുണ്ട്. ഇടയന്മാരുടെ ഇലക്ഷൻ സമയത്ത് പോലീസിന് ഇടപെടേണ്ടി വരുന്നത് നാം കണ്ടിട്ടുണ്ട്. 1 തിമൊഥെയോസിൽ പൗലൊസ് മേൽവിചാരകന്റെ ഗുണങ്ങൾ വിവരിക്കുന്നു. കലഹക്കാരനോ തല്ലുകാരനോ ആകാതെ സൗമ്യതയുള്ളവനും തർക്കിക്കാത്തവനും പണക്കൊതിയനുമല്ലാതിരിക്കണം. **ശണ്ഠകൂടുന്ന സ്ത്രീയോടുകൂടെ പൊതുവീട്ടിൽ പാർക്കുന്നതിനേക്കാൾ മേൽപ്പുരയുടെ ഒരു കോണിൽ പാർക്കുന്നതു നല്ലതു** (സദൃശ്യവാക്യങ്ങൾ 21:9).

## 5. ദൂഷണം

തിരിയുമ്പോൾ അവരെക്കുറിച്ച് കുറ്റംപറയുന്നതിനെയാണ് ദൂഷണം എന്നു പറയുന്നത്. ഈ സ്വഭാവം അവരുടെയും നമ്മുടെയും സൽപേര് നശിപ്പിക്കുന്നു. മോശെ ഒരു കൂശ്യ സ്ത്രീയെ വിവാഹം കഴിച്ചതിനെക്കുറിച്ച് അഹരോനും മിര്യാമും ദൂഷണം പറയുന്നത് സംഖ്യാപുസ്തകം 12:1 ൽ വിവരിക്കുന്നു. **യഹോവ അതു കേട്ടു** (സംഖ്യാപുസ്തകം 12:2). ദൈവം അഹരോനോടും മിര്യാമിനോടും കോപിച്ചു. **അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെക്കു വിരോധമായി സംസാരിപ്പാൻ ശങ്കിക്കാഞ്ഞതു എന്തു?** (സംഖ്യാ 12:8). ദൈവത്തിന്റെ കോപം ഇറങ്ങി, അവരെ കുഷ്ഠരോഗം ബാധിച്ചു. നമ്മുടെ വായിൽനിന്നും വീഴുന്ന ഓരോ വാക്കുകൾക്കും നാം കണക്കു ബോധിപ്പിക്കേണ്ടിവരും. **ആകയാൽ നിങ്ങൾ ഇരുട്ടത്തു പറഞ്ഞതു എല്ലാം വെളിച്ചത്തു കേൾക്കും; അറകളിൽ വെച്ചു ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കും** (ലൂക്കൊസ് 12:3). അതുകൊണ്ടാണ് നാവിനെ മെരുക്കുന്നതിനെക്കുറിച്ച് യാക്കോബ് തന്റെ ലേഖനത്തിന്റെ 3-ാം അദ്ധ്യായത്തിൽ വിശദമായി വിവരിക്കുന്നത്. ഇത് ദൂഷണം അനാവശ്യമായ അധിക ഭാരമാണ്, എറിഞ്ഞു കളയുക!

## 6. ദുർഗുണം

മറ്റുള്ളവർക്കെതിരെ തിന്മ ആഗ്രഹിക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്നതാണ് ഈ മോശമായ സ്വഭാവം. ദുർഗുണത്തിന്റെ വേദപുസ്തകത്തിലെ ഏറ്റവും വലിയ ഉദാഹരണം ഉല്പത്തി 37-ൽ വായിക്കാം. അത് യോസേഫിനെതിരായുള്ള സഹോദരന്മാരുടെ പദ്ധതിയാണ്. **...നാം അവനെ കൊന്നു ഒരു കുഴിയിൽ ഇട്ടുകളക; ഒരു ദുഷ്ടമൃഗം അവനെ തിന്നുകളഞ്ഞു എന്നു പറയാം** (ഉല്പത്തി 37:19,20). എന്നാൽ ദൈവം രൂബനിലൂടെ വ്യത്യസ്ഥമായി പ്രവർത്തിച്ചു. പിന്നീട് മിസ്രയീമിലെ ഉന്നതാധികാരിയായ യോസേഫിനുമുമ്പിൽ സഹോദരന്മാർക്കു സാഷ്ടാംഗം പ്രണമിക്കുവാൻ ദൈവം ഇടയാക്കി. അതുപോലെ മോർദ്ദെഖായിയെ തൂക്കാൻ 75 അടി ഉയരമുള്ള കഴുമരം പണിയിച്ച ഹാമാന്റെ ജീവൻ തന്നെ ആ കഴുമരത്തിൽ ഹോമിക്കേണ്ടിവന്നു (എസ്ഥേർ 5:14,9).

**നമ്മുടെ ജീവിതത്തിന്റെ സുഗമമായ യാത്രയ്ക്കു തടസ്സം നിൽക്കുന്ന ആറു ഭാരങ്ങളെക്കുറിച്ച് മനസ്സിലാക്കിയല്ലോ. ഇനി അതിൽ നിന്നുള്ള മോചനത്തെക്കുറിച്ച് നോക്കാം.**

നാം ചുമന്നുകൊണ്ടു നടക്കുന്ന മുകളിൽ വിവരിച്ച ഈ 6 അമിത ഭാരങ്ങളെക്കുറിച്ച് സത്യസന്ധമായി പഠിച്ച് കർത്താവിനോട് ആത്മാർത്ഥമായി പ്രാർത്ഥിച്ച് വിടുതൽ പ്രാപിക്കാം. അല്ലെങ്കിൽ ഈ വിഷയം ഒരു ഉപദേഷ്ടാവിന്റെ അടുക്കലോ വിശ്വാസമുള്ള പ്രാർത്ഥനാ പങ്കാളിയുടെ അടുക്കലോ കൊണ്ടു ചെന്ന് പരിഹാരം തേടാം. അവർക്ക് ചിലപ്പോൾ നഷ്ടപ്പെട്ട കണ്ണികളെ വിളക്കിച്ചേർത്ത് പ്രശ്നത്തിനു പരിഹാരം കാണുവാൻ സാധിക്കും.

അതിൽനിന്നും മോചനം നേടുക എന്നതാണ് രണ്ടാമത്തെ ഘട്ടം. നല്ലതും തിന്മയുമായുള്ള രണ്ട് ശക്തികൾ നേർക്കുനേർ പ്രവർത്തിക്കുന്നതുകൊണ്ട് നമ്മുടെ ശക്തിയും പ്രയത്നവും ഉപയോഗിക്കാൻ സാധിക്കുകയില്ല എന്നതിനാൽ ഇതിൽ നിന്നും മോചനം നേടാൻ വളരെ പ്രയാസമാണ്. ഈ സാഹചര്യത്തിൽ പൗലൊസ് ഇങ്ങനെ റോമർ 7:24 ൽ വിളിച്ചു പറയുന്നു. **അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?** ഉത്തരം ദൈവത്തിൽനിന്നും കണ്ടെത്തി ആശ്വാസത്തോടെ അവൻ പറയുകയാണ് **നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. ഇങ്ങനെ ഞാൻ തന്നേ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണത്തെയും ജഡം കൊണ്ടു പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു** (റോമർ 7:25). അധിക ഭാരം ഒഴിവാക്കാൻ സർവ്വശക്തനായ ദൈവത്തിന്റെ ശക്തി ആവശ്യമാണ്. നമ്മുടെ കർത്താവ് നമ്മെ സഹായിക്കാൻ ഒരു ഉപദേശകനെയും ആശ്വാസകനെയും നൽകിയിരിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു, നാം വാക്കുകൾക്കായി പരതുമ്പോൾ പരിശുദ്ധാത്മാവ് ഉചിതമായ വാക്കുകൾ നൽകുന്നു, പിതാവായ ദൈവം ശ്രദ്ധ വച്ച് കേൾക്കുകയും പ്രാർത്ഥനകൾക്കു മറുപടി നൽകുകയും ചെയ്യുന്നു. ഈ ആത്മവിശ്വാസത്തോടെ നമുക്ക് കൃപയുടെ സിംഹാസനത്തെ സമീപിക്കാം, അവൻ നമ്മെ വിടുവിക്കും. തിന്മയിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ എന്നു പ്രാർത്ഥിക്കാൻ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചു. ഈ അധിക ഭാരത്തിൽനിന്നു വിടുവിക്കപ്പെടുവാൻ നാം ദൈവത്തോടു അപേക്ഷിക്കണം.

നമ്മുടെ ആത്മാക്കളെ മറുമരുന്നുകളാൽ പോഷിപ്പിക്കുക എന്നതാണ് മൂന്നാമത്തെ ഘട്ടം. നമ്മുടെ യാത്രയെ ക്ഷീണിപ്പിക്കുന്നതും ബുദ്ധിമുട്ടുള്ളതുമാക്കുന്ന ആറു മാരകമായ വികാരങ്ങൾക്കുള്ള മൂന്നു മറുമരുന്നുകൾ എഫെസ്യർ 4:32 ൽ പൗലൊസ് നിർദ്ദേശിക്കുന്നു. **നിങ്ങൾ തമ്മിൽ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.**

നിങ്ങളുടെ യാത്രയ്ക്കു സഹായകരവും ഉപയോഗപ്രദവുമായ ഭാരങ്ങൾ ഇവയാണ്:

## 1. ദയ

നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട സുപ്രധാന ഗുണങ്ങളിൽ ഒന്നാണ് ദയ, അത് ഒരു പുണ്യവുമാണ്. നാം മറ്റുള്ളവരെ പരിപാലിക്കുന്നതിന്റെ ഫലമായി അവർ അനുഭവിക്കുന്ന വേദനയ്ക്കു ശമനം ഉണ്ടാകുന്നു. നമ്മുടെ സഹായം ആവശ്യമായിരിക്കുന്ന ഒരാളോട് ദയയോടെയോ നല്ല മനസ്സോടെയോ ആയിരിക്കുക എന്നതാണ് ദയയുണ്ടായിരിക്കുക എന്നതിന്റെ അർത്ഥം. ദയ എന്നത് നൽകാനുള്ളതാണ്. യേശുക്രിസ്തുവിന്റെ മരണ-പുനരുദ്ധാരണത്തിലൂടെ നമുക്ക് സമൃദ്ധമായ ജീവനും രക്ഷയും സ്വാന്ത്ര്യവും ദൈവകൃപയും നമുക്ക് സമൃദ്ധിയായി ലഭിക്കുന്നു. നാം നമ്മിൽത്തന്നെ ബലഹീനരാണെങ്കിലും ക്രിസ്തുവിൽ ശക്തരാണ്. ഇത് മറ്റുള്ളവരോട് കരുണയോടെയായിരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. അതായത് നമുക്ക് അവരോട് ക്ഷമിക്കാൻ കഴിയും എന്നാണ്. ക്ഷമ ബലഹീനതയുടെ പ്രതിഫലനമല്ല. അത് ദയയുടെയും ശക്തിയുടെയും പ്രകടനമാണ്.

## 2. മനസ്സലിവ്

മനസ്സലിവ് എന്നതിന്റെ അർത്ഥം ഒരുമിച്ചു സഹിക്കുക എന്നാണ്. മറ്റൊരാളുടെ കഷ്ടപ്പാടുകളെ നാം അഭിമുഖീകരിക്കുമ്പോൾ അതിൽ നിന്നും മോചനം പ്രാപിക്കുവാനും വിടുതൽ നേടുവാനുമൊക്കെ ആഗ്രഹിക്കുമ്പോൾ ഉണ്ടാകുന്ന വികാരമായിട്ടാണ് ഇത് നിർവ്വചിച്ചിരിക്കുന്നത്. മറ്റുള്ളവരുടെ ചുറ്റുപാട് കാണുമ്പോൾ ഉണ്ടാകുന്ന വികാരമാണിത്.

മനസ്സലിവ് എന്നാൽ ഒരാളുടെ സാഹചര്യവു മായി നാം ബന്ധപ്പെടുകയും അവനെ സഹാ യിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. ഒ രാൾ കുഴപ്പത്തിലായിരിക്കുന്നതു കാണുമ്പോ ൾ അതിൽനിന്നും ഉയർത്തിക്കൊണ്ടു വരു വാൻ നമുക്കു തോന്നും. ഉദാഹരണമായി, നാം ബസ്സിൽ യാത്ര ചെയ്യുമ്പോൾ ഒരു ഗർ ഭിണി നിൽക്കുന്നതു കാണുമ്പോൾ അവർ ക്കു ഇരിക്കാൻ സ്ഥലം കൊടുക്കുക, ഇതാ ണ് മനസ്സലിവ്. ഓരോ ദിവസവും നാം ചെ യ്യുന്ന ഓരോ നല്ല പ്രവൃത്തിയും നമുക്ക് ന ല്ല ഉന്മേഷം പ്രദാനം ചെയ്യും. അനാവശ്യമാ യി നാം കൊണ്ടു നടക്കുന്ന ഭാരങ്ങൾക്ക് ശ ക്തമായ മറുമരുന്നാണിത്. ഇത് നമ്മുടെ യാ ത്രയ്ക്ക് ആവശ്യമായ ഗതിവേഗം നൽകും.

ഇടയനില്ലാത്ത ജനക്കൂട്ടത്തെ യേശു കാ ണുന്നു (മർക്കൊസ് 6:34). യേശുവിന്റെ ഉള്ളി ൽ മനസ്സലിവ് തോന്നുന്നു. അവൻ അവരുടെ ആത്മീയ വിശപ്പു മാത്രമല്ല, ശാരീരികമായ വിശപ്പും മാറ്റിക്കൊടുക്കുന്നു (മർക്കൊസ് 6: 37-44). ദൈവം സോദോമിനെ നശിപ്പിക്കാൻ പോകുന്നു എന്ന് അബ്രഹാം അറിഞ്ഞപ്പോ ൾ അവൻ മനസ്സലിഞ്ഞ് അവർക്കുവേണ്ടി അപേക്ഷിക്കാൻ തുടങ്ങുന്നു. 50 നീതിമാന്മാ രുണ്ടെങ്കിൽ സോദോമിനെ നശിപ്പിക്കാതിരി ക്കാമോ എന്ന് അബ്രഹാം ചോദിച്ചപ്പോൾ ദൈവം അത് സമ്മതിക്കുകയും 50 നീതിമാ ന്മാരുണ്ടെങ്കിൽ അതിനെ നശിപ്പിക്കുകയില്ല എന്ന് വാഗ്ദത്തം നൽകുകയും ചെയ്യുന്നു. എന്നാൽ അബ്രഹാം ദൈവത്തോട് വീണ്ടും അപേക്ഷിക്കുകയാണ്. സോദോമിൽ 50 നീ തിമാന്മാർ ഇല്ല എന്ന് അബ്രഹാമിന് അറി യാം. അതുകൊണ്ട് സംഖ്യ കുറഞ്ഞു കുറ ഞ്ഞു പോകുന്നു - 45,40,35,30,-10 വരെ. ഇതാ ണ് മനസ്സലിവ്.

## 3. ക്ഷമ

ദയയും മനസ്സലിവും മറ്റുള്ളവരോടു ക്ഷ മിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ എല്ലാ ബന്ധങ്ങളുടെയും അടിസ്ഥാനമാണ് ക്ഷമ. ക്രിസ്തീയ വിശ്വാസിയുടെ ഒഴിച്ചുകൂ ടാനാകാത്ത സ്വഭാവമാണ് ക്ഷമ. കാരണം വിശ്വാസികൾ ക്ഷമിക്കപ്പെട്ടവരാണ്. ദൈവം നമ്മോടു ക്ഷമിച്ചതുപോലെ നാമും മറ്റുള്ള വരോടു ക്ഷമിക്കണം. ആളുകൾ നമ്മെ വേ ദനിപ്പിക്കുമ്പോൾ അവരെ നാം കയ്പ്, ക്രോ ധം, ദേഷ്യം, വഴക്ക്, പരദൂഷണം, ദ്രോഹം എന്നിവയിലൂടെയാണ് നാം പ്രതികരിക്കുന്ന ത്. ഇവയോടുള്ള നമ്മുടെ പ്രതികരണങ്ങൾ വിനാശകരമായ പെരുമാറ്റമോ വിനാശകര മായ സംസാരമോ ആയി പുറത്തു വരുന്നു. ഈ തൽക്ഷണമായ വികാരങ്ങൾ നമ്മുടെ ബന്ധങ്ങളെ നശിപ്പിക്കുമെന്ന് നാം മനസ്സി ലാക്കുന്നില്ല. നമ്മെ ദ്രോഹിച്ചവരോട് നിരു പാധികം ക്ഷമിക്കുക എന്നതു മാത്രമാണ് തകർന്നതോ പിരിഞ്ഞതോ ആയ നമ്മുടെ ബന്ധങ്ങൾ പുനസ്ഥാപിക്കുവാനുള്ള ഏക മാർഗ്ഗം. അതായത് നാം പഠിച്ചുകൊണ്ടിരിക്കു ന്ന പാഠങ്ങളുടെ സംക്ഷിപ്ത രൂപമാണ് ക്ഷമ.

ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചതു പോലെ നാമും ക്ഷമിക്കണം എന്ന് പൗലൊ സ് പറയുന്നു. അവൻ നമ്മെ വീണ്ടെടുക്കുക യും നമ്മോടു ക്ഷമിക്കുകയും ചെയ്തിരിക്കു ന്നു. എഫെസ്യർ 1:7. ദൈവവുമായുള്ള ന മ്മുടെ ബന്ധത്തിന്റെ കേന്ദ്രമാണ് ക്ഷമ. ദൈ വം നമ്മുടെ പാപങ്ങൾ മായ്ചുകളഞ്ഞു, അ വന്റെ ക്രോധം നമ്മിൽ നിന്നു നീക്കി, നമ്മെ മരണത്തിൽനിന്നു ജീവനിലേക്ക് ഉയർത്തി. അവൻ ഞങ്ങളോട് ദയയും മനസ്സലിവും ഉ ള്ളവനായിരുന്നു. നാം ഇപ്പോൾ ക്രിസ്തുവി ലൂടെ സുരക്ഷിതത്വമുള്ളതും മഹത്വപൂർണ്ണ വുമായ ഭാവിയെ അഭിമുഖീകരിക്കുന്നു. ദൈ വം നമ്മോടു ക്ഷമിച്ചു എന്നതിനാൽ മറ്റുള്ള വരോടു ക്ഷമിക്കുവാനുള്ള കാരണവും ശ ക്തിയും നമുക്കുണ്ട്. ദൈവം നമ്മുടെ പാപ ങ്ങൾ മായ്ചുകളയുകയും ക്രിസ്തുവിലൂടെ നമ്മെ വിശുദ്ധരും കുറ്റമില്ലാത്തവരായും കാ ണുകയും ചെയ്യുന്നതുപോലെ നാമും മറ്റു ള്ളവരോട് അങ്ങനെ തന്നെ ചെയ്യാൻ ശ്രമി ക്കണം. നമ്മുടെ തെറ്റുകളുടെ കണക്കിൽ നിന്നും മായ്ചുകളയണം. ദൈവത്തെ അനു കരിക്കുന്നവരാകാൻ പൗലൊസ് നമ്മെ നിർ ബന്ധിക്കുന്നു. ക്രിസ്തു നമ്മെ സ്നേഹിക്ക യും ദൈവത്തിന്നു സുഗന്ധമുള്ള വഴിപാടും ബലിയുമായി സ്വയം സമർപ്പിക്കയും ചെയ് തതുപോലെ സ്നേഹത്തോടെ ജീവിക്കാൻ പൗലൊസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. എ ഫെസ്യർ 5:1,2. നമ്മുടെ ജീവിതത്തിൽ ദൈ വത്തെ അനുകരിക്കണമെങ്കിൽ ക്ഷമയുടെ ആത്മാവിനെ നാം ഉൾക്കൊള്ളണം.

ക്ഷമ ഇല്ലാത്ത ജീവിതം നമ്മുടെ യാത്ര യെ വളരെയധികം ബുദ്ധിമുട്ടുള്ളതാക്കുന്നു. അതു നമ്മെ പിന്നിലേക്കു വലിക്കയും മുന്നി ലേക്കുള്ള യാത്ര തടസ്സപ്പെടുത്തുകയും ചെ യ്യുന്നു. പാപമോചനം എന്നത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. നമുക്ക് പാപത്തിൽ നിന്നുള്ള മോ ചനം ലഭിക്കയും പാപത്തന്റെ പരിണിത ഫ ലങ്ങളിൽ നിന്നുള്ള മോചനവും ലഭിച്ചതിനാ ൽ മറ്റുള്ളവരുടെ പാപങ്ങളും നമ്മോടുള്ള മോശമായ പ്രവർത്തനങ്ങളും ക്ഷമിക്കണം. നാം ക്ഷമിക്കുന്നില്ലെങ്കിൽ വിശ്വാസികൾ എ ന്ന് പ്രഖ്യാപിക്കാൻ അവകാശമില്ല. മത്തായി 6:14,15 ലൂടെ ക്ഷമിക്കുവാനായി യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. "**നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനാ യ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാ ലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെ യും ക്ഷമിക്കയില്ല**." "**നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങ ളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്നു നിങ്ങൾ ക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവ നോടു ക്ഷമിപ്പിൻ** (മർക്കൊസ് 11:25). അതേ സമയം, ദൈവം നമ്മോടു ക്ഷമിക്കുന്നത് നാം മറ്റുള്ളവരോട് ക്ഷമിക്കുന്നതുകൊണ്ടല്ല മറി ച്ച്, അവന്റെ വലിയ കാരുണ്യം കൊണ്ടാണ് എന്നും നാം മനസ്സിലാക്കണം. ക്ഷമിക്കാത്ത ആത്മാവ് നാം നേരത്തെ ചിന്തിച്ചതുപോലെ ആറു അനാവശ്യ ഭാരങ്ങളിലേക്ക് നയിക്കു ന്നു. ക്ഷമിക്കാനും മറക്കാനും പഠിക്കുന്നത് സന്തോഷകരമായ ക്രിസ്തീയ ജീവിതത്തി ന്റെ രഹസ്യങ്ങളിലൊന്നാണ്.

വിശ്വാസത്തിന്റെ നായകനും പൂർണ്ണത യുമുള്ളവനായ യേശുവിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിച്ച് നമ്മുടെ ജീവിതയാത്ര തുടരുക

*09-ാം പേജിൽ തുടരും...*


## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹ മാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## അവൻ എന്റെ ജീവിതത്തെ മാറ്റുന്നു!

എന്റെ പതിവു ജോലിസമയം കഴിഞ്ഞ്, സമയം കിട്ടുമ്പോഴൊക്കെ ഞാൻ സൗജന്യ ലഘുലേഖകൾ വിതരണം ചെയ്യുകയും വ്യക്തികളോട് സുവിശേഷം അറിയിക്കുകയും ചെറിയ രീതിയിൽ സുവിശേഷ യോഗങ്ങൾ നടത്തുകയും ചെയ്തു. പക്ഷെ ഇതൊക്കെയും ഫലപ്രദമായി നടത്തുവാൻ കർത്താവ് സഹായിച്ചു.

എന്റെ സുഹൃത്തുക്കളായ ബ്രദർ. ഡി.ഡബ്ളിയു. ദേവകാന്തനും എന്നോടൊപ്പം പ്രവർത്തിച്ചിരുന്ന ബ്ര. ആർ.ഇ. ജയരാജനും 1971 ൽ എന്നെ കാണാൻ വന്നു. "നീ ഈ ഓഫീസിലെ വിശിഷ്ട വ്യക്തിയാണെന്നു തോന്നുന്നു! എന്തോ ഒരു പ്രത്യേകത നിനക്കുണ്ടെന്ന് എനിക്കു തോന്നുന്നു!! എന്താണ് കാരണം? നീ ഒരു ക്രിസ്ത്യാനിയാണോ?" എന്നു ചോദിച്ചു. "അതെ, ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ യേശുക്രിസ്തുവിന്റെ ദൈവപൈതൽ ആണ്" എന്നു മറുപടി പറഞ്ഞു. "നീ ഒരു മിടുക്കൻ ആണ്, നീ ഇപ്പോഴും രക്ഷയുടെ അനുഭവത്തിൽ ആണോ" എന്ന് അവർ ചോദിച്ചു. "അതെ" എന്ന് ഞാൻ പറഞ്ഞു. അവർ എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് ബ്ര. ദേവകാന്തനോടൊപ്പം ഞായറാഴ്ച രാവിലെ അദ്ദേഹത്തിന്റെ പാസ്റ്ററെ കാണാൻ പോകാമോ എന്നു ചോദിച്ചു. പോകാം എന്നു ഞാൻ പറഞ്ഞു. അങ്ങനെ 1971 ഡിസംബർ മാസം ബ്ര. ദേവകാന്തൻ തന്റെ സൈക്കിളിന്റെ പുറകിൽ എന്നെ ഇരുത്തിക്കൊണ്ട് അപ്പൊസ്തലിക് ക്രിസ്റ്റ്യൻ അസംബ്ലിയുടെ ബഹുമാന്യനായ ചീഫ് പാസ്റ്റർ. ജി. സുന്ദരത്തിന്റെയും അസിസ്റ്റന്റ് പാസ്റ്റർ എം.കെ. സാം സുന്ദറിന്റെയും അടുക്കൽ കൊണ്ടുപോയി.



ബ്ര. D.W. ദേവകാന്തൻ

ചീഫ് പാസ്റ്റർ ജി. സുന്ദരവുമായി നടത്തിയ സംഭാഷണം ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്റെ സുന്ദരമായ രൂപവും പുഞ്ചിരിയും ഉത്കണ്ഠയും ഉത്തരവാദിത്തവും നിറഞ്ഞ വാക്കുകളും എന്റെ സ്വന്തം പിതാവുമായുള്ള എന്റെ ഇടപെടലുകളെ ഓർമ്മിപ്പിക്കുന്നതായിരുന്നു. അതിനാൽ "ഞാനും നിങ്ങളെപ്പോലെ രൂപാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നു" എന്നു ഞാൻ പറഞ്ഞു. അദ്ദേഹം എന്നെ കെട്ടിപ്പിടിച്ച് മുത്തം തന്ന് ഇങ്ങനെ പറഞ്ഞു: "നിനക്ക് ആ ലക്ഷ്യത്തിലെത്താൻ വലിയ വില നൽകേണ്ടി വന്നേക്കാം, കഠിനമായ ജീവിത സാഹചര്യത്തിലൂടെ കടന്നുപോകേണ്ടിയും വന്നേക്കാം." "ഞാൻ പൂർണ്ണഹൃദയത്തോടെ ചെയ്യും" എന്നു പറഞ്ഞു. അന്നുമുതൽ ഞാൻ അദ്ദേഹത്തിന്റെ സഭയിലെ ശക്തനായ അംഗമാകുകയും അദ്ദേഹത്തിന്റെ ശുശ്രൂഷാസംഘത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്തു. സഭയിൽ അദ്ദേഹം നൽകിയ സന്ദേശങ്ങളും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും എന്നെ വല്ലാതെ ആകർഷിച്ചു.



മുഖ്യ പാസ്റ്റർ ജി. സുന്ദരം



അസിസ്റ്റന്റ് പാസ്റ്റർ എം.കെ. സാം സുന്ദരം

## അവൻ എളിയവനെ പൊടിയിൽനിന്ന് എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്നു ഉയർത്തുകയും ചെയ്തു

അസിസ്റ്റന്റ് പാസ്റ്റർ എം.കെ. സാം സുന്ദർ എന്നെ ശുശ്രൂഷയിൽ വളരെ ലളിതമായി ഉപയോഗിച്ചു. അദ്ദേഹം എന്നെ പഠിപ്പിക്കുകയും താങ്ങി നിറുത്തുകയും ചെയ്തു.



സ്വാമിദാസ്

ആ സഭയിലെ ദൈവദാസന്മാരായ ബ്ര. വിക്ടർ സ്വാമിദാസ് (റെയിൽവെ), ബ്ര. എ. സെൽവരാജ് (പൊതുമരാമത്ത് വകുപ്പ്), സുവിശേഷകൻ ജയ മോഹൻ (അദ്ധ്യാപകൻ), സുവിശേഷകൻ ജീവാനന്ദം എന്നിവരെ എനിക്കു പരിചയപ്പെടുത്തിത്തന്നു. അവർ എന്നെ ആത്മീയമായി വളരാൻ സഹായിച്ചു.



പാസ്റ്റർ. സാം സെൽവരാജ് സ്ഥിരീകരണം - 1977

1972-ൽ പാസ്റ്റർ ജി. സുന്ദരം എന്നെ സ്നാനപ്പെടുത്തി. പാസ്റ്റർ. എം.കെ. സുന്ദരം, ദക്ഷിണാഫ്രിക്കൻ പാസ്റ്റർ. റൂബൻ തിമോത്തി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 1977 ഡിസംബർ 26-ാം തീയതി എന്നെ ശുശ്രൂഷകനായി അഭിഷേകം ചെയ്യുകയും ചെയ്യു. ആലയത്തിലെ ശുശ്രൂഷകളിൽ പങ്കെടുക്കുന്ന [illegible]രുടെ ഷൂസും ചെരിപ്പും സൂക്ഷിക്കുന്ന പാസ്റ്റർ ആനന്ദിനോടൊപ്പം [illegible]വർത്തിക്കുവാൻ പാസ്റ്റർ സുന്ദരം എന്നെ നിയോഗിച്ചു.



ആലയത്തിലെ ശുശ്രൂഷകളിൽ പങ്കെടുക്കുന്നവർ പൊതുവെ ചെരിപ്പുകൾ ആലയത്തിനു പുറത്തുള്ള തടി സ്റ്റാന്റിൽ വെച്ചിട്ട് ആരാധന കഴിയുമ്പോൾ തിരികെ വാങ്ങി പോകാറാണ് പതിവ്. ചെരിപ്പുകളുടെ സുരക്ഷയും അത് മടക്കി നൽകുന്നതിന്റെയും ഉത്തരവാദിത്തം ഞങ്ങൾക്കായിരുന്നു.




പാസ്റ്റർ ആനന്ദ് മികച്ച ആത്മീക നേതാവാണ്. ഇപ്പോൾ അദ്ദേഹം ചെന്നൈയിലെ കരുണാനിധി കലൈംഗർ നഗർ മിനിസ്ട്രിയിലെ വലിയ സഭയായ അപ്പൊസ്തലിക് ചർച്ച് അസംബ്ലിയുടെ സീനിയർ പാസ്റ്ററാണ്. അദ്ദേഹം എന്റെ സഭയിലും മറ്റു സഹോദര സഭകളിലും പ്രസംഗിക്കുകയും നെഹെമ്യ ബൈബിൾ കോളേജിൽ ഗസ്റ്റ് ലക്ചർ ചെയ്യുകയും ചെയ്യാറുണ്ട്. എന്റെ ശുശ്രൂഷകളിൽ ഇവരൊക്കെ വലിയ സഹായം ചെയ്തിട്ടുണ്ട്. ഒരു ചെറിയ സഭയിലെ പാസ്റ്ററായിരുന്ന എന്നെ ഒരു ബൈബിൾ കോളേജ് നടത്താനും ഇവരുടെയൊക്കെ സേവനങ്ങൾ ലഭ്യമാക്കാനായി ദൈവം വളർത്തിയത് പ്രാധാന്യമുള്ളതാണ്.



**പാസ്റ്റർ. എസ്. ആനന്ദ്**

ഇതിനകം പ്രസ്താവിച്ചതുപോലെ വിളിയുടെ പ്രതിധ്വനി എന്ന പേരിൽ ഒരു ക്രിസ്തീയ മാസിക, പല ഭാഷകളിൽ പുറത്തിറക്കുവാൻ ദൈവം സഹായിച്ചു. ദൈവശുശ്രൂഷക്കായി ഞാൻ നിയോഗിക്കപ്പെട്ടപ്പോൾ ചില പ്രാദേശിക സഭകളെ എനിക്കു സഹായിക്കാനും ഒരിക്കലും എത്തപ്പെടുവാൻ കഴിയാത്ത ചെന്നൈയിലെ ചെപ്പോക്കിൽ ഒരു ചെറിയ പള്ളി ആരംഭിക്കാനും കർത്താവ് എന്നെ പ്രാപ്തനാക്കി. നിലവിൽ ഞങ്ങളുടെ പ്രധാന പള്ളി അവിടെയാണ്.

കഠിനാദ്ധ്വാനം ചെയ്തിട്ടും ആത്മാർത്ഥമായി പ്രാർത്ഥിച്ചിട്ടും പുതിയ ആത്മാക്കളെ നേടുവാൻ എനിക്കു സാധിച്ചില്ല. മറ്റു സഭകളിൽ നിന്നും ആളുകളെ മോഷ്ടിക്കുന്നതിന് ഞാൻ എതിരായിരുന്നു. ആദ്യത്തെ അഞ്ചു വർഷം എന്റെ ഭാര്യയും മകളും മാത്രമായിരുന്നു സഭയിലെ അംഗങ്ങൾ. ചെന്നൈ ചെപ്പോക്കിൽ അക്ബർ സാഹിബ് തെരുവിലും ബിഗ് സ്ട്രീറ്റിലും കൃഷ്ണസ്വാമി റോഡിലുമുള്ള പള്ളികളിൽ രാവിലെ മുതലുള്ള ആരാധനകളിൽ ഞാൻ പ്രസംഗിക്കുമ്പോൾ ഇവർ മാത്രമായിരുന്നു കേൾവിക്കാർ. ഞങ്ങൾ തെരുവുകളിൽ പ്രസംഗിക്കുകയും രോഗികളെയും തെരുവുകളിളെ പാവപ്പെട്ടവരെയും സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. കുടുംബമായി ഞങ്ങളു ടെ സമ്പാദ്യം ശുശ്രൂഷക്കായി ഉപയോഗിച്ചതിനാൽ പലപ്പോഴും പട്ടിണിയായിരുന്നു.





എനിക്ക് അക്കോർഡിയൻ (സംഗീത ഉപകരണം) വായിച്ചു പാടുന്ന ശീലമുണ്ടായിരുന്നതിനാൽ അവരുടെ ദൈവങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയില്ല എന്നു പറഞ്ഞ് എന്റെ താമസസ്ഥലം മാറ്റിക്കൊണ്ടേയിരുന്നു. ***

... 7-ാം പേജിന്റെ തുടർച്ച

എന്നതാണ് നാലാമത്തെ പടി. എബ്രായർ 12:1 ൽ നാം ഇങ്ങനെ വായിക്കുന്നു: **ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.** നാം യേശുവിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ നമുക്ക് നമ്മുടെ ഓട്ടം അനായാസം ഓടി പൂർത്തിയാക്കാം. അത്യാവശ്യം വേണ്ടുന്ന വസ്ത്രം ധരിച്ചാണ് ഒരു കായികതാരം ഓടുന്നത്. ഫുൾ സ്യൂട്ട് ധരിച്ചു ഓടിയാൽ അവന് വേഗതയിൽ ഓടി ഫിനിഷിംഗ് പോയിന്റിൽ എത്താൻ സാധിക്കയില്ല. എബ്രായ പുസ്തക രചയിതാവ് എല്ലാ ഭാരവും പാപവും ഉപേക്ഷിച്ച്, കൈപ്പ്, കോപം, ക്രോധം, വഴക്ക്, ദൂഷണം, ദുർഗുണം എന്നിവ വെടിഞ്ഞ് ദയ, മനസ്സലിവ്, ക്ഷമ എന്നിവ ധരിച്ചുംകൊണ്ട് ഓട്ടം ഓടുവാൻ നമ്മെ ഉപദേശിക്കുന്നു. നമുക്ക് അനുകരിക്കാൻ പഴയ നിയമ നായകന്മാരെ കൂടാതെ ഇന്ത്യക്കാരായ നമുക്കുവേണ്ടി പ്രവർത്തിച്ചു മരിച്ച ആധുനിക നായകന്മാരായ സാധു സുന്ദർ സിംഗ്, സീഗൻബാൽഗ്, പണ്ഡിത രമാഭായി, വില്ല്യം ക്യേറി, ബിഷപ്പ് വി.എസ്. അസറിയ, ഗ്രഹാം സ്റ്റെയിൻസ് എന്നിവരും ഉണ്ട്.

2023 പുതുവർഷം പുതിയ തീരുമാനങ്ങളുമായാണ് നാം ആരംഭിച്ചത്. നമ്മുടെ ജീവിതം ഈ ഭാരങ്ങൾ പേറി മുടന്തി മുടന്തി ഓടാതെ അതെല്ലാം ഉപേക്ഷിച്ച് പൗലൊസ് ധൈര്യത്തോടെ പ്രഖ്യാപിച്ചതുപോലെ **ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുള്ള കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രീയംവെച്ച ഏവർക്കും കൂടെ** (2 തിമൊഥെയോസ് 4:7,8).

**ഈ പുതുവർഷ തീരുമാനങ്ങളെക്കുറിച്ച് ചിന്തിക്കുകയും നമ്മുടെ ജീവിതത്തിൽ അത് സ്വീകരിക്കുകയും ഭാരം കൂടാതെ ഓടുവാനും ശ്രമിപ്പിൻ. നിങ്ങൾക്ക് അനുഗ്രഹപ്രദമായ പുതുവർഷം 2023 ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.**


## ആവശ്യമുണ്ട്

**നല്ല കാഴ്ചപ്പാടും സമർപ്പണവുമുള്ള വ്യക്തികളിൽനിന്ന് ശുശ്രൂഷയ്ക്കായി ജീവനക്കാരെ ആവശ്യമുണ്ട്.**

❖ കമ്പ്യൂട്ടർ പരിചയമുള്ള ഓഫീസ് ജീവനക്കാർ.
❖ പ്രിന്റിംഗ് പ്രസ്സിലും ഓഫീസിലും അസിസ്റ്റന്റുമാർ.
❖ ഓഫീസ് മെയിന്റനൻസ് സൂപ്പർവൈസർമാർ.
❖ ഓഡിയോ/വീഡിയോ ടെക്നിഷ്യന്മാർ.
❖ മെട്രിക്കുലേഷൻ സ്കൂൾ ഹെഡ്മാസ്റ്റർ.
❖ മെട്രിക്കുലേഷൻ സ്കൂൾ അദ്ധ്യാപകർ.
❖ അസിസ്റ്റന്റ് പാസ്റ്റർമാർ.
❖ സുവിശേഷകർ.
❖ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ (അക്കാഡമിക്സ്).
❖ സെക്യൂരിറ്റി ജീവനക്കാർ.
❖ ഡ്രൈവർമാർ.

**ദയവായി ബന്ധപ്പെടുവിൻ:**
**വിളിയുടെ പ്രതിധ്വനി, ഫോൺ : 9841071858**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

**വിളിയുടെ പ്രതിധ്വനി**
**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## OUR BANK DETAILS:

### *1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |
| SWIFT CODE | : | SBI NIN BB 455 |

### *2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th JANUARY, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**